# വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ സമിതി

## 05.02.2014 ൽ കൂടിയ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ യോഗ നടപടിക്കുറിപ്പ്

യോഗം ഉച്ചതിരിഞ്ഞ് 3 മണിക്ക് ബഹു. ഗ്രാമവികസന വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ അസംബ്ലി മന്ദിരത്തിലെ രണ്ടാം നിലയിലുള്ള 624-ാം നമ്പർ കോൺഫറൻസ് ഹാളിൽ ആരംഭിച്ചു. ബഹു. പഞ്ചായത്ത് വകുപ്പുമന്ത്രിയും, ബഹു. നഗരകാര്യ വകുപ്പുമന്ത്രിയും സന്നിഹിതരായിരുന്നു.

1. സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 29.01.2013-ലെ യോഗ നടപടിക്കുറിപ്പ് അംഗീകരിച്ചു.

2. **പൊതുവിഷയങ്ങൾ**

**2.1** തദ്ദേശഭരണ സ്ഥാപനങ്ങളുടെ 2013-14 വാർഷിക പദ്ധതിയിൽ 911 കോടി രൂപായാണ് ഇതുവരെ ചെലവഴിച്ചതെന്ന് റിപ്പോർട്ട് ചെയ്യപ്പെട്ടു. ഗ്രാമപഞ്ചായത്തുകൾ 45%ഉം, ബ്ലോക്ക് പഞ്ചായത്തുകൾ 60%ഉം, ജില്ലാ പഞ്ചായത്തുകൾ 22%ഉം, മുനിസിപ്പാലിറ്റികൾ 36% ഉം, കോർപ്പറേഷനുകൾ 32% ഉം ആണ് ചെലവഴിച്ചത്. ഇതേ കാലയളവിൽ മുൻവർഷം ഗ്രാമപഞ്ചായത്തുകൾ 21% ഉം, ബ്ലോക്ക് പഞ്ചായത്തുകൾ 31.5% ഉം, മുനിസിപ്പാലിറ്റികൾ 20.6%ഉം, കോർപ്പറേഷനുകൾ 11.3%ഉം ആണ് ചെലവഴിച്ചത് എന്നും റിപ്പോർട്ട് ചെയ്യുകയുണ്ടായി.

**2.2** സേവാഗ്രാം ഗ്രാമകേന്ദ്രം പ്രവർത്തന മാർഗരേഖയുടെ കരടിന് അംഗീകാരം സംബന്ധിച്ച് കില തയ്യാറാക്കിയ പ്രവർത്തന മാർഗരേഖയുടെ കരട് പഞ്ചായത്ത് ഡയറക്ടറുടെ അഭിപ്രായക്കുറിപ്പിലെ പ്രധാന നിർദ്ദേശങ്ങൾ കൂടി ഉൾക്കൊള്ളിച്ച് പരിഷ്ക്കരിക്കുന്നതിന് വിധേയമായി അംഗീകരിച്ചു തീരുമാനിച്ചു.

**2.3** പ്രോജക്ട് ഭേദഗതിക്ക് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് 2014 ജനുവരി 31 വരെ സമയം അനുവദിച്ചിരുന്നതാണെങ്കിലും റിവിഷൻ പ്രോജക്ടുകൾ എൻട്രി വരുത്തിയപ്പോൾ തെറ്റു സംഭവിച്ചതായും വാലിഡേഷൻ ശരിയാകാതെ വന്നതായും അത് തിരുത്താൻ അനുവദിക്കണമെന്നും മാരാരിക്കുളം തെക്ക് ഗ്രാമപഞ്ചായത്ത്, കുളത്തുപ്പുഴ ഗ്രാമപഞ്ചായത്ത്, എടത്വ ഗ്രാമപഞ്ചായത്ത്, നീണ്ടൂർ ഗ്രാമപഞ്ചായത്ത് എന്നീ തദ്ദേശഭരണ സ്ഥാപനങ്ങൾ ആവശ്യം ഉന്നയിച്ചിരിക്കുന്നു. പ്രസ്തുത ആവശ്യം പരിഗണിച്ചും 2014 ഫെബ്രുവരി 12 വരെ ആരംഭ നീക്കിയിരിപ്പ് തിരുത്തലിനും (OB Correction) ഫെബ്രുവരി 15 വരെ പ്രോജക്ടുകളുടെ ഭേദഗതിക്കും സമയം അനുവദിച്ചു തീരുമാനിച്ചു. അപേക്ഷ സമർപ്പിക്കുന്ന തദ്ദേശഭരണ സ്ഥാപനങ്ങൾക്കു മാത്രം, ഓരോ കേസും പ്രത്യേകം പ്രത്യേകമായും പരിശോധിച്ച് അർഹതയ്ക്കുള്ളവയ്ക്ക് അവസരം നൽകാൻ ഇൻഫർമേഷൻ കേരള മിഷൻ ഡയറക്ടറെ ചുമതലപ്പെടുത്തി. തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഒ.ബി. കറക്ഷന് അവസരം നൽകുന്ന കാര്യത്തിൽ ട്രഷറികൾക്ക് ധനകാര്യ വകുപ്പിൽ നിന്ന് നിർദ്ദേശം നൽകേണ്ടതാണെന്നും തീരുമാനിച്ചു.

**2.4** അടുത്ത വർഷത്തെ പ്രാദേശിക വികസന പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട് തദ്ദേശഭരണ സ്ഥാപനങ്ങൾ 2014 ഫെബ്രുവരി 20 നകം പ്രോജക്ടുകൾ അപ് ലോഡ് ചെയ്യേണ്ടതാണെന്നു നിർദ്ദേശിച്ചു തീരുമാനിച്ചു.

## 3 പ്രത്യേക വിഷയങ്ങൾ

### 3.1 പാണ്ടിക്കാട് ഗ്രാമപഞ്ചായത്ത് (ഫയൽ നം.2473/ഡി.എ2/14/തസ്വഭവ) (ബഹു.മഞ്ചേരി എം.എൽ.എ ശ്രീ. എം.ഉമ്മർ മുഖാന്തിരം) തീയതി 05.02.2014

പാണ്ടിക്കാട് ഗ്രാമപഞ്ചായത്തിൽ സ്ഥാപിച്ചിരിക്കുന്ന വനിത വ്യവസായ കേന്ദ്രത്തിലെ യൂണിറ്റുകൾ ഏറ്റെടുക്കാൻ ആരും മുന്നോട്ട് വരാത്ത സാഹചര്യത്തിൽ വിമൻ കമ്പോണന്റ് പ്ലാനിലെയും പ്രത്യേക ഘടക (SCP) പദ്ധതിയിലെയും ഫണ്ട് കോമ്പൻസേറ്റ് ചെയ്യണം എന്ന വ്യവസ്ഥയിൽ മുൻഗണന നൽകിക്കൊണ്ട് പദ്ധതി നടപ്പാക്കാൻ അനുവദിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

### 3.2 ചെറിയമുണ്ടം ഗ്രാമപഞ്ചായത്ത് തീയതി 05.02.2014

ഇരിങ്ങാവൂർ ഗവ.എൽ.പി. സ്ക്കൂൾ കെട്ടിട നിർമ്മാണത്തിന് 2009–10 ഷെഡ്യൂൾ നിരക്ക് അനുവദിച്ചതിൽ മാറ്റം വരുത്താനുള്ള ആവശ്യം അംഗീകരിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

### 3.3 വാഴക്കുളം ഗ്രാമപഞ്ചായത്ത് തീയതി 05.02.2014

വാഴക്കുളം സഹകരണ ബാങ്ക് വായ്പ റിലീസ് ചെയ്യാത്തതു സംബന്ധിച്ച് സഹകരണ രജിസ്ട്രാറും, പഞ്ചായത്ത് ഡയറക്ടറും, സ്റ്റേറ്റ് പെർഫോർമൻസ് ഓഡിറ്റ് ഓഫീസറും ഉൾപ്പെടുന്ന ഉന്നതതല കമ്മിറ്റിയിൽ ചർച്ച ചെയ്യാൻ പഞ്ചായത്ത് ഡയറക്ടറെ ചുമതലപ്പെടുത്തി തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

### 3.4 കിഴക്കോത്ത് ഗ്രാമപഞ്ചായത്ത് ( ബഹു. കൊടുവള്ളി എം.എൽ.എ ശ്രീ. വി.എം.ഉമ്മർ മാസ്റ്റർ മുഖാന്തിരം) തീയതി 05.02.2014

ഐ.എ.വൈ പദ്ധതി പ്രകാരമുള്ള ഗുണഭോക്താക്കൾ രജിസ്റ്റർ ചെയ്ത് എഗ്രിമെന്റ് വയ്ക്കണമെന്നത് ഒഴിവാക്കിയിട്ടുണ്ടെന്നും ബി.ഡി.ഒ. മുമ്പാകെ കരാർ വച്ചാൽ മതിയാകുമെന്നും മുമ്പു തന്നെ തീരുമാനിച്ചിട്ടുള്ളതാണെന്ന് യോഗം നിരീക്ഷിച്ചു.

### 3.5 നരിക്കുനി ഗ്രാമപഞ്ചായത്ത് ( ബഹു. കൊടുവള്ളി എം.എൽ.എ ശ്രീ. വി.എം.ഉമ്മർ മാസ്റ്റർ മുഖാന്തിരം) തീയതി 05.02.2014

ഫയർ സ്റ്റേഷൻ കെട്ടിടത്തിന് സ്ഥലം വാങ്ങി നൽകാനുള്ള പഞ്ചായത്തിന്റെ ആവശ്യം പ്രത്യേക കേസായി അംഗീകരിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.6 വെളിയം ഗ്രാമപഞ്ചായത്ത് –**
**( ബഹു. കൊട്ടാരക്കര എം.എൽ.എ.അഡ്വ.പി.അയിഷ പോറ്റി മുഖാന്തിരം)**
**തീയതി 29.01.2014**

ഗ്രാമപഞ്ചായത്തിന്റെ ഉപയോഗത്തിന് പുതിയ വാഹനം വാങ്ങണമെന്ന ആവശ്യം നടപടിക്രമം പാലിച്ച് നടപ്പാക്കാവുന്നതാണെന്ന് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.7 മരാമത്ത് പ്രവൃത്തികൾക്ക് ബിറ്റുമിൻ അനുവദിക്കുന്നത്**
**(ഫയൽ നം. 54273/ഡി.ബി.3/13/തസ്വഭവ)തീയതി 29.01.2014**

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ബിറ്റുമിൻ വാങ്ങി നൽകാൻ അനുവദിച്ചിരിക്കുന്ന തുകയുടെ പരിധി ഉയർത്തേണ്ടതില്ലെന്ന് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.8 അമ്പലപ്പുഴ ബ്ലോക്ക് പഞ്ചായത്ത് (ഫയൽ നം. 78970/ഡി.ഡി1/13/തസ്വഭവ)**
**തീയതി 29.01.2014**

ഹരിയാലി പദ്ധതിയിലെ ബാദ്ധ്യതയായി നിലനിൽക്കുന്ന 1285083/– രൂപ വികസന ഫണ്ടിൽ നിന്ന് വകയിരുത്തി ചെലവഴിക്കുന്നതിന് അംഗീകരിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

***അടുത്ത കോഓർഡിനേഷൻ കമ്മിറ്റിയോഗം 12.02.2014 ന് രാവിലെ 8 AM ന് ബഹു. മുഖ്യമന്ത്രിയുടെ കോൺഫറൻസ് ഹാളിൽ കൂടുന്നതാണ്.***

***(യോഗം വൈകുന്നേരം 4.00ന് അവസാനിച്ചു)***